# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നേമം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ബി.പി.1/409/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 29/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നേമം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഉ.പ.സ)
2)അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ),തിരുവനന്തപുരം
3)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ബി.പി.1/409/23 തീയ്യതി: 29/03/2023

## തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഷീല ഉബാൾഡ് | ജോയിന്റ് ഡയറക്ടർ | 06-03-2023 | 15-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-03-2023 | 15-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീമതി.ലക്ഷ്മി.വി.എസ്.നായർ, ഓഡിറ്റ് ഓഫീസർ.
2.ശ്രീമതി.വെർജിൻഷീജ.റ്റി,സീനിയർഗ്രേഡ് ഓഡിറ്റർ
3.ശ്രീമതി.കല.പി,ഓഡിറ്റർ
4.ശ്രീ.ദിനു റ്റി.എസ്,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എസ്.കെ പ്രീജ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി അന്ന സി.എസ് | സെക്രട്ടറി | 01-04-2021 | 10-05-2021 |
| ശ്രീമതി എസ്.പ്രസാദ് | സെക്രട്ടറി | 11-05-2021 | 11-05-2021 |
| ശ്രീ.കെ.അജികുമാർ | സെക്രട്ടറി | 12-05-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.ഷീജ പി.കെ | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ, മലയിൻകീഴ് | 01-04-2021 | 31-03-2022 |
| ശ്രീ.ലിജു എൽ.എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഹരികൃഷ്ണൻ സി.ജി | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ജ്യോതി വി.ആർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ.ഷെഫിൻ എം.ബി | വ്യവസായ വികസന ഓഫീസർ | 01-04-2021 | 09-10-2022 |
| ശ്രീമതി ജയശ്രീ എം.ഡി | വ്യവസായ വികസന ഓഫീസർ | 10-10-2021 | 31-03-2022 |
| ഡോ.എലിസബത്ത് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2021 | 31-03-2023 |
| ശ്രീമതി ഹേമ | ഡി.ഡി.പി.ഒ, അഡീഷണൽ | 01-04-2021 | 31-03-2022 |
| ശ്രീമതി യമുന | സി.ഡി.പി.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി ശ്രീലേഖ | ക്ഷീര വികസന ഓഫീസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപദ്ധതി പത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-5 |
| 6 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 7 | തുല്യത പഠന പദ്ധതികൾ - രേഖകളുടെ അഭാവത്തിൽ 216250/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-7 |
| 8 | മെഡിക്കൽ ഓഫീസർ മലയിൻകീഴ് - മരുന്ന്/മെഡിക്കൽ ഉപകരണങ്ങൾ എന്നിവയുടെ സ്റ്റോക്ക്/വിതരണ രേഖകൾ ഹാജരാക്കിയില്ല | 1-8 |
| 9 | മലയിൻകീഴ് ആശുപത്രിയിൽ ഡയാലിസിസ് യൂണീറ്റ് ചെലവു രേഖകൾ ഹാജരാക്കിയില്ല. 363918/- രൂപ തടസ്സപ്പെടുത്തുന്നു | 1-9 |
| 10 | മലയിൻകീഴ് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ഭൗതിക സാഹചര്യം - ചെലവുരേഖകൾ ഹാജരാക്കിയില്ല - 137550/- രൂപ തടസ്സപ്പെടുത്തുന്നു. | 1-10 |
| 11 | പാലിയേറ്റീവ് കെയറിന്റെ ലോഗ് ബുക്ക് പരിപാലനത്തിൽ അപാകതകൾ | 1-11 |
| 12 | കുടിവെള്ള പദ്ധതി- കരാർ കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല- 4250000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-12 |
| 13 | റോഡ് നിർമ്മാണ പ്രോജക്ടുകൾ - ഏറ്റെടുക്കുന്ന റോഡുകളുടെ വീതി സംബന്ധിച്ച് വ്യക്തതയില്ല | 1-13 |
| 14 | കോവിഡ് കിയോസ്ക് -നിർമ്മാണം പൂർത്തിയാക്കി ഒരു വർഷത്തിനുള്ളിൽ പൊളിച്ചുനീക്കി | 1-14 |
| 15 | ഭിന്നശേഷിയുള്ളവർക്ക് തെറാപ്പി - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-15 |
| 16 | വിളപ്പിൽ സി എച്ച് സി യുടെ അനിവാര്യ ചെലവുകൾ - അപാകങ്ങൾ | 1-16 |
| 17 | ക്ഷീര സമൃദ്ധി - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. 2354000/- രൂപ തടസ്സപ്പെടുത്തുന്നു | 1-17 |
| 18 | പ്ലാസ്റ്റിക്ക് ഷ്രഡിംഗ് യൂണിറ്റ് -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-18 |
| 19 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല -5658000 /- രൂപ തടസ്സപ്പെടുത്തുന്നു. | 1-19 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |

| ഭാഗം **4** | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 18.2.2021ലെ 1(2) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് മുന്നിരുപ്പ് 4836800/-, വരവ് 526924680/-, ചെലവ് 528702310/-, ബജറ്റ് നീക്കിയിരുപ്പ് 3059170/-

ബജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

ബജറ്റ് തയ്യാറാക്കുന്നതിനു 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് നിയമം 214 പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചിട്ടില്ല. ഉദാഹരണമായി

1) ബജറ്റ് തയ്യാറാക്കുന്നതിന് ഘടകസ്ഥാപനങ്ങളിൽ നിന്നും നോൺപ്ലാൻ വരവ്, ചെലവുകളുടെ കരട് പ്രപ്പോസൽ സ്വീകരിച്ചിട്ടില്ല.

2) ബജറ്റ് തയ്യാറാക്കുന്നതിന് വികസനകാര്യ, ആരോഗ്യം വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം കൂടി തീരുമാനങ്ങൾ സ്വീകരിച്ചിട്ട് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ബജറ്റ് ശുപാർശകൾ സ്വീകരിക്കാതെയാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് ഭരണസമിതിയിൽ അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടുള്ളത്.

3) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214 (6), (8) പ്രകാരം ബജറ്റ് പ്രകാരം വകയിരുത്തിയതിലുമധികമായി ചെലവുകൾ ചെയ്യുവാൻ പാട്ടുള്ളതല്ല. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് വിവിധ ഹെഡുകളിൽ ബജറ്റിൽ വകയിരുത്തിയതിലും അധികമായി തുക ചെലവു ചെയ്തിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ.

| ഹെഡ്, ഹെഡ്കോഡ് | ഇൻകം & എക്സ്പന്റിച്ചർ പ്രകാരം | ബജറ്റ് പ്രകാരം |
|---|---|---|
| ഓണറേറിയം (2102003) | 1815200 | 1800000 |
| സിറ്റിംഗ് ഫീ (2102004) | 90950 | 60000 |

4) വിവിധ ഹെഡുകളിൽ പ്രതീക്ഷിത വരവിലും കൂടുതൽ വരവ് ലഭിച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ.

| ഹെഡ് | ഇൻകം & എക്സ്പന്റിച്ചർ പ്രകാരം | ബജറ്റ് പ്രകാരം |
|---|---|---|
| 1301001 റെന്റൽ ഇൻകം ഫ്രം പ്രോപ്പർട്ടീസ് | 2500 | വകയിരുത്തിയിട്ടില്ല |
| 1402001 ഫീ & യൂസർ ചാർജ്ജസ് | 71235 | 55400 |

5) ബജറ്റിനുള്ളിൽ ചെലവുകൾ നിയന്ത്രിക്കുന്നതിനും, അത്യാവശ്യമുള്ള ചെലവുകൾക്കായി ബജറ്റ് ഭേദഗതി വരുത്തുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിച്ചു കാണുന്നില്ല. കേരള പഞ്ചായത്ത്രാജ് നിയമം സെക്ഷൻ 214, കേരള പഞ്ചായത്ത്രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 72, 73, 74 എന്നിവ അനുസരിച്ചു ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ ചെലവ് വരുത്താൻ പാടില്ല. അങ്ങനെ ചെയ്യേണ്ടി വരുകയാണെങ്കിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പാസ്സാക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്ത് ബജറ്റ് പുതുക്കുകയോ അനുപൂരക ബജറ്റ് പാസ്സാക്കുകയോ ചെയ്തിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറി നമ്പർ 12 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-2 വാർഷിക ധനകാര്യപദ്ധതി പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യ പത്രിക ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 30.7.2022 | - | - |

1) വാർഷികപത്രികയിലെ അപാകതകൾ ചുവടെ ചേർക്കുന്നു .

A) നോട്ട്സ് ഓൺ അക്കൗണ്ട്സ് ഉൾപ്പെടുത്തിയിട്ടില്ല

B) വാർഷിക അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

C) ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

D) കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated എന്നത് Net Increase/decrease In Cash And Cash Equivalents മായി പൊരുത്തപ്പെടുന്നില്ല.

2) 2021-22 സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന ഇനങ്ങളിൽ വരവ് ലഭ്യമായിട്ടുണ്ട്. ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

| ഹെഡ്കോഡ് | ഇനം | തുക |
|---|---|---|
| 150100110 | Sale Of Timber | 4,530 |
| 150110101 | Sale Of Tender Forms | 9,010 |
| 140700106 | Percentage Charges On Deposit Works Undertaken | 71,235 |
| 171100101 | Interest From Bank Accounts | 23,101 |

3. ബി-7 പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളുടെ കൃത്യത പരിശോധിക്കുന്നതിനായി ഡെപ്പോസിറ്റ് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയത് ഹാജരാക്കേണ്ടതാണ്.

4. 2020-21 ബാലൻസ് ഷീറ്റ് B-5 Schedule പ്രകാരം Secured Loan ഇനത്തിൽ 3303934/- രൂപയും, 2021-22 ബാലൻസ് ഷീറ്റ് B-5 Schedule പ്രകാരം Secured Loan ഇനത്തിൽ 855392/- രൂപയും അവശേഷിക്കുന്നു. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം IAY ലോൺ തിരിച്ചടവ് പദ്ധതി പ്രകാരം 1500,000/- രൂപയായി രേഖപ്പെടുത്തിയിരിക്കുന്നു. ആയത് AFS ൽ ഉൾപ്പെടുത്തിയിട്ടില്ല. AFS B-5 ഷെഡ്യൂളുകൾ പ്രകാരമുള്ള നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ Loan Register, തിരിച്ചടവ് വിശദാംശങ്ങൾ എന്നിവ ഹാജരാക്കേണ്ടതാണ്.

5. സംയുക്ത പ്രോജക്കുകൾക്കായി ഗ്രാമ, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

| തുക ലഭ്യമാക്കിയ സ്ഥാപനം | മുന്നിരിപ്പ് | ചെലവ് | തിരികെ ലഭിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2751264 | 7250000 | 0 | 4778630 |
| ജില്ലാ പഞ്ചായത്ത് | 0 | 5580800 | 0 | 3016563 |

6. വാർഷിക ധനകാര്യ പത്രികയിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

| Implementing Agency | മുന്നിരിപ്പ് | ചെലവ് | തിരികെ ലഭിച്ച തുക | ബാലൻസ് |
|---|---|---|---|---|
| KWA | 11958955 | 4250000 | -- | 4163891 |
| KSEB | 4164375 | -- | -- | 3902013 |
| Ground Water Department | 0 | 3958000 | -- | 3913495 |

നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തി പൊരുത്തപ്പെടുത്തേണ്ടതാണ്.

MGNREGS- മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരുപ്പ്, എന്നിവ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

7. ബാലൻസ്ഷീറ്റിലെ ബി-18 പ്രകാരം Advance To Others എന്ന ഹെഡിൽ 1051191/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശദാശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

8. എ.എഫ്.എസ് ലെ ഫണ്ടുകളുടെ വരവും എ.സി.ആർ -ലെ ഫണ്ട് വിനിയോഗവും (ചെലവ്) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | എസി.ആർ പ്രകാരം | എ.എഫ്.എസ് |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 36408000 | 36388760 |
| മെന്റനൻസ് ഫണ്ട് (നോൺറോഡ്) | 10846144 | 10288863 |
| സിഎഫ് സി (അൺടൈഡ്) | 7015583 | 6879275 |
| സിഎഫ് സി (ടൈഡ്) | 12131682 | 15467730 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 15.03.23 ൽ നല്കിയ എൻക്വയറി നമ്പർ 13, 17 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതും റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്-ചെലവ്-നീക്കിയിരിപ്പ് വിശദാംശങ്ങൾ.

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സായ തുക/ നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 39869012 | 39869012 | 36388760 | 3480252 |
| വികസനഫണ്ട് എസ്.സി.പി. | 0 | 27867370 | 27867370 | 23804234 | 4063136 |
| വികസനഫണ്ട്റ്റി.എസ് .പി. | 0 | 214000 | 214000 | 214000 | 0 |
| സി.എഫ്.സി. ടൈഡ് | 0 | 18661696 | 18661696 | 11491769 | 7169927 |
| സി.എഫ്.സി. അൺടൈഡ് | 0 | 7021596 | 7021596 | 7015583 | 6013 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 13271349 | 13271349 | 10288863 | 2982486 |

** ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വികസന ഫണ്ട് (ജനറൽ) മെയിന്റനൻസ് ഫണ്ട് (റോഡിതരം) എന്നിവയുടെ ചെലവ്-നീക്കിയിരിപ്പ് തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

ചെലവ് വിശദാംശം

| ഫണ്ടിനം | | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | എ.സി.ആർ പ്രകാരം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | ചെലവ് | 36388760 | 36408000 |
| | നീക്കിയിരിപ്പ് | 3480252 | 3461012 |
| മെയിന്റനൻസ് റോഡിതരം | ചെലവ് | 10288863 | 10846144 |
| | നീക്കിയിരിപ്പ് | 2982486 | 2425205 |

*** കേന്ദ്രാവിഷ്കൃത പദ്ധതി, സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകളുടെ മുന്നിരിപ്പ്, വരവ്, ചെലവ് വിശദാംശങ്ങൾ ഫണ്ട് ഇനം തിരിച്ച് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 പദ്ധതി അവലോകനം

2021-22 ൽ ബ്ലോക്ക്പഞ്ചായത്തിൽ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 143 | 113166407 | 119 | 89203209 | 24 | 83 |

## 1-5 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.12.2022-31.12.2022 | 2021-22 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.06.15 മുതൽ 26.06.15 വരെ | 2012-13 മുതൽ 2014-15 വരെ | 18.08.2015 |

## 1-6 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

- കേരള പഞ്ചായത്ത്‌രാജ് നിയമം സെക്ഷൻ 214, കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 72,73,74 എന്നിവ അനുസരിച്ച ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ ചെലവ് വരുത്താൻ പാടില്ല. അങ്ങനെ ചെയ്യേണ്ടി വരുകയാണെങ്കിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പാസ്സാക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്ത് ബജറ്റ് പുതുക്കുകയോ അനുപൂരക ബജറ്റ് പാസ്സാക്കുകയോ ചെയ്തിട്ടില്ല.
- പദ്ധതികളുടെ ലക്ഷ്യം/ആവശ്യകത എന്നിവ ചർച്ചചെയ്ത് ദീർഘവീക്ഷണത്തോടെ വാർഷിക പദ്ധതികൾ രൂപീകരിക്കാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

- ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിനിയോഗിക്കുന്ന തുകകൾ കൃത്യമായി അക്കൗണ്ട് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.
- നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി നടത്തിപ്പിലാക്കുന്നതിനൊപ്പം മോണിറ്ററിംഗ്, സ്റ്റോക്കുകളുടെ പരിപാലനം എന്നിവയിൽ കൃത്യത പാലിക്കേണ്ടതാണ്.

## 1-7 തുല്യത പഠന പദ്ധതികൾ - രേഖകളുടെ അഭാവത്തിൽ 216250/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

തുല്യത പഠനത്തിനായി സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ/പേര് | ചെലവ് തുക/ബിൽ നമ്പർ |
|---|---|---|
| 1 | പത്താംതരം തുല്യത (S0061/22) | 43750/- ബിൽ നമ്പർ 34/21-22 Dtd 10.3.22 |
| 2 | ഹയർസെക്കൻഡറി തുല്യത രണ്ടാം വർഷ കോഴ്സ്ഫീസ് (S0064/22) | 55000/- ബിൽ നമ്പർ 36/21-22 Dtd 10.3.22 |
| 3 | സർട്ടിഫിക്കറ്റ് കോഴ്സ്-ഗുഡ് ഇംഗ്ലീഷ് (S0065/22) | 62500/- ബിൽ നമ്പർ 20/21-22 Dtd 12.11.21 |
| 4 | ഹയർസെക്കൻഡറി തുല്യത ഒന്നാം വർഷ കോഴ്സ്ഫീസ് (S0063/22) | 55000/-ബിൽ നമ്പർ Plan(G1)36/21-22 Dtd 5.3.22 |

അപാകതകൾ:

1. മേൽ പദ്ധതികൾക്കായി തിരഞ്ഞെടുത്ത ഗുണഭോക്താക്കൾ ഏത് പഞ്ചായത്തിൽ ഉൾപ്പെട്ടതാണെന്ന് ഫയലിൽ വ്യക്തമല്ല, ഇതേ ആനുകൂല്യം ഗുണഭോക്താക്കൾക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ലായെന്ന സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.

2. ഗുണഭോക്താക്കളുടെ ഹാജർ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. കോഴ്സ് പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ എൻക്വയറിക്ക് (നമ്പർ- 10) മറുപടി ലഭ്യമാക്കിയില്ല. (മേൽ സാഹചര്യത്തിൽ ആകെ 216250/- രൂപ തടസ്സം ചെയ്യുന്നു). അപാകതകൾ പരിഹരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-8 മെഡിക്കൽ ഓഫീസർ മലയിൻകീഴ് - മരുന്ന്/മെഡിക്കൽ ഉപകരണങ്ങൾ എന്നിവയുടെ സ്റ്റോക്ക്/വിതരണ രേഖകൾ ഹാജരാക്കിയില്ല

1. പ്രോജക്ടിന്റെ പേര് --മലയിൻകീഴ് താലൂക്ക് ആശുപത്രിയിൽ മരുന്ന് വാങ്ങൽ

പ്രോജക്ട് നം --83/22

അടങ്കൽ – 1000000/- (മെയിന്റനൻസ് ഫണ്ട് – റോഡിതരം)

ചെലവ് – 1000000/-

ബിൽ നം – 11/30.06.2021 - 500000/-

109/22.10.2021 - 250000/-

220/20.12.2021 - 250000/-

ടി പ്രോജക്ട് പ്രകാരം വാങ്ങിയ മരുന്നുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്ത രേഖ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

2. പ്രോജക്ടിന്റെ പേര് --മലയിൻകീഴ് താലൂക്ക് ആശുപത്രിയിൽ ഉപകരണങ്ങളും ഫർണിച്ചറുകളും വാങ്ങൽ

പ്രോജക്ട് നം --85/22

അടങ്കൽ – 128462/- (മെയിന്റനൻസ് ഫണ്ട് – റോഡിതരം)

ചെലവ് – 128462/-

ബിൽ നം -13/30.06.21 – 38930/-

123/02.11.2021 – 81892/-

144/11.11.2021 – 7640/-

ടി പ്രോജക്ട് പ്രകാരം വാങ്ങിയ ഉപകരണങ്ങളും ഫർണിച്ചറുകളും സ്റ്റോക്കിലെടുത്ത് വിതരണം ചെയ്ത രേഖ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

### 1-9 മലയിൻകീഴ് ആശുപത്രിയിൽ ഡയാലിസിസ് യൂണീറ്റ് ചെലവു രേഖകൾ ഹാജരാക്കിയില്ല. 363918/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര് – മലയിൻകീഴ് ആശുപത്രിയിൽ ഡയാലിസിസ് യൂണീറ്റ്

പ്രോജക്ട് നം – 142/22

അടങ്കൽ – രൂ. 121538/- (മെയിന്റനൻസ് ഫണ്ട് – റോഡിതരം)
വികസന ഫണ്ട് - രൂ.242380/-

ആകെ – രൂ.363918/-

ചെലവ് – ബിൽ നം – 53/22, 10.02.2022, രൂ.242380/-
54/22, 10.02.2022, രൂ.121538/-
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

മേൽ ബിൽ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ചെലവു രേഖകൾ, ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം, പൂർത്തികരണ സാക്ഷ്യപത്രം, നിർവ്വഹണ ഉദ്യോഗസ്ഥന്റെ മോണിട്ടറിംഗ് സർട്ടിഫിക്കറ്റ് എന്നിവ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം. 6/13.03.23) ആയതിനാൽ ചെലവുതുകയായ 363918/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവു രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

### 1-10 മലയിൻകീഴ് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ഭൗതിക സാഹചര്യം - ചെലവുരേഖകൾ ഹാജരാക്കിയില്ല - 137550/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പേര് – മലയിൻകീഴ് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ഭൗതിക സാഹചര്യം

പ്രോജക്ട് നം – 169/22

അടങ്കൽ – 2500000/- (മെയിന്റനൻസ് ഫണ്ട് – റോഡിതരം)

ചെലവ് – ബിൽ നം – 105/21.03.2022 - 137550/-
327/09.02.2022 – 2362450/-

ഈ പ്രോജക്ടിലെ ആകെ ചെലവായ 2500000/- രൂപയിൽ 2362450/- രൂപയുടെ ചെലവുരേഖകൾ ഓഡിറ്റിൽ ഹാജരാക്കുകയുണ്ടായി ബാക്കി തുകയായ 137550/- രൂപയുടെ ചെലവു രേഖയും വിനിയോഗസാക്ഷ്യപത്രവും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഇതിന്റെ വിശദാംശം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ആഡിറ്റ് എൻക്വയറിയ്ക്ക് (06/13/03/2023) മറുപടി ലഭ്യമാക്കിയില്ല ആയതിനാൽ 137550/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവു രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

### 1-11 പാലിയേറ്റീവ് കെയറിന്റെ ലോഗ് ബുക്ക് പരിപാലനത്തിൽ അപാകതകൾ

സ.ഉ. (പി) നം.161/2006/ഫിൻ തീയതി 31.03.2006 പ്രകാരം വാഹനങ്ങളിൽ ഫുൾടാങ്ക് ഇന്ധനം നിറയ്ക്കേണ്ടതും, ഇന്ധനം നിറയ്ക്കുന്നത് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ മലയിൻകീഴ് കമ്മൂണിറ്റി ഹെൽത്ത് സെന്ററിന്റെ പാലിയേറ്റീവ് കെയറിന്റെ ലോഗ് ബുക്കിൽ ഡീസൽ അടിച്ച ഓട്ടോമേറ്റഡ് മെഷീൻ പ്രിന്റഡ് ബില്ല് ഉള്ളടക്കം ചെയ്തിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (06/13.03.2023) മറുപടി ലഭ്യമാക്കിയില്ല. ഓട്ടോമേറ്റഡ് മെഷീൻ പ്രിന്റഡ് ബില്ലുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ലോഗ് ബുക്കിൽ ഉൾപ്പെടുത്തുകയും, സർക്കാർ നിർദ്ദേശാനുസരണം ലോഗ് ബുക്ക് പരിപാലനത്തിൽ കൃത്യത പുലർത്തേണ്ടതുമാണ്.

### 1-12 കുടിവെള്ള പദ്ധതി- കരാർ കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല-4250000/- രൂപ തടസ്സപ്പെടുത്തുന്നു.

ബ്ലോക്ക് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ള പദ്ധതി (പ്രോജക്ട് നമ്പർ 169)

ബിൽ നം - 130/06.11.2021

അടങ്കൽ - 4250000/-

ഫണ്ട് - വികസനഫണ്ട് (CFC Tied Grant)

ചെലവ് - 4250000/-

നിർവഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

നേമം ബ്ലോക്ക് പഞ്ചായത്തിലെ 23 സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് സ്ഥാനനിർണ്ണയം നടത്തുന്നതിന് സൈറ്റ് ഒന്നിന് 1935/- രൂപ നിരക്കിൽ 23 സൈറ്റിനും കൂടി 44505/- രൂപ ഭൂജല പര്യവേഷണ ഫീസായി ഒടുക്കുകയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിലെ 15 സ്ഥലങ്ങളിൽ ഭൂജല പര്യവേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ 12 സ്ഥാനങ്ങളിൽ കുഴൽ കിണർ കുഴിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തുകയും ആയതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയറും കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറ് വേണ്ടി ജില്ലാ ഓഫീസറും 28.10.21 ന് എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്.

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയായ 4250000/- രൂപയിൽ നിന്നും ഫീസിബിലിറ്റി ഫീസായ 44505/- രൂപ കിഴിച്ച് ബാക്കി 4205495/- രൂപ പ്രവൃത്തി നിർവഹണം നടത്തുന്നതിലേക്കായി ഡെപ്പോസിറ്റ് ചെയ്യുവാനായി ഭൂജല വകുപ്പ് ജില്ലാ ഓഫീസറുടെ പേരിലുള്ള STSB 701041400000049 (സബ്ട്രഷറി, വെള്ളയമ്പലം) 11.11.2021 ന് കൈമാറ്റം ചെയ്യുകയും ചെയ്തിട്ടുണ്ട് . പ്രസ്തുത പ്രവൃത്തി കരാർ ഉടമ്പടി ഏർപ്പെട്ട ഉടനെ തന്നെ ആരംഭിക്കുന്നതും ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കുന്നതുമാണെന്നും ഫൈനൽ ബില്ല് നൽകിയ തുകയിലും കുറവാണെങ്കിൽ ബാക്കി വന്ന തുക ബ്ലോക്ക് പഞ്ചായത്തിന് തിരിച്ച് നൽകുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 4/10.3.2023) പ്രവൃത്തി പൂർണ്ണമായി പൂർത്തീകരിച്ചതായി ഭൂജലവകുപ്പ് അറിയിച്ചിട്ടില്ലായെന്നും പൂർത്തീകരിച്ച സ്ഥലങ്ങളിലെ ഫണ്ടിന്റെ വിനിയോഗസാക്ഷ്യപത്രം നാളിതുവരെ ഹാജരാക്കിയിട്ടില്ലായെന്നും അറിയിച്ചിരിക്കുന്നു. പ്രവൃത്തി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ആയതുവരെ 4250000/- രൂപ തടസ്സം ചെയ്യുന്നു.

## 1-13 റോഡ് നിർമ്മാണ പ്രോജക്റ്റുകൾ - ഏറ്റെടുക്കുന്ന റോഡുകളുടെ വീതി സംബന്ധിച്ച് വ്യക്തതയില്ല

പഞ്ചായത്ത് രാജ് നിയമ പ്രകാരം രണ്ട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതും, 8 മീറ്റർ വീതിയുള്ളതുമായ റോഡുകളുടെ നിർമ്മാണമാണ് ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതല. ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്ന റോഡുകളുടെ വീതിയെ സംബന്ധിച്ച് പി.എം.ജി.എസ്.വൈ മാനദണ്ഡങ്ങൾ ബാധകമാക്കികൊണ്ട് 26.12.12-ൽ സർക്കാർ ഉത്തരവ് (26.12.12-ലെ ജി.ഒ.(എം.എസ്.)നം.344/12/തസ്വഭവ) പുറപ്പെടുവിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾ നിർമ്മിക്കുന്ന റോഡുകളുടെ കുറഞ്ഞ വീതി 6 മീറ്ററായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് കാലയളവിൽ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയ റോഡ് നിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ റോഡുകൾക്ക് കുറഞ്ഞത് 6 മീറ്റർ വീതി ഉണ്ടെന്ന് ഉറപ്പാക്കിയിട്ടില്ല. പ്രോജക്ട് ഫാറത്തിൽ റോഡ് ആസ്തിയുടെ യുണീക് നമ്പർ ചേർക്കുകയോ, റോഡിന്റെ നീളം വീതി തുടങ്ങിയ വിശദാംശങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് നടത്തിയ പരിശോധനയിൽ 6 മീറ്ററിൽ കുറവ് വീതിയുള്ള റോഡുകളും ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് വകയിരുത്തി പുനരുദ്ധാരണം നടത്തിയിട്ടുള്ളതായി കണ്ടു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | റോഡിന്റെ നീളം, വീതി |
|---|---|---|---|---|---|
| 1 | 10/21-22 | ഇടത്തറ റോഡ് കോൺക്രീറ്റ് വാർഡ് 20 | 500000 | 349635 | 134.50 മീ. നീളം 3 മീ. വീതി |
| 2 | 40/21-22 | തോട്ടത്തിൽ റോഡ് നിർമ്മാണം - പെരുകാവ് ഡിവിഷൻ | 500000 | 325631 | 140 മീ. നീളം 3 മീ. വീതി |
| 3 | 5/21-22 | പെരുമ്പ ഒടിപ്പുറം റോഡ് കോൺക്രീറ്റിംഗ് - പള്ളിച്ചൽ ഡിവിഷൻ | 500000 | 333670 | 132 മീ. നീളം 3 മീ. വീതി |
| 4 | 14/21-22 | കൊറണ്ടിവിള-ജവാൻ ഷിബുനഗർ റോഡ് നിർമ്മാണം - പള്ളിച്ചൽ ഡിവിഷൻ | 500000 | 349089 | 134.5 മീ. നീളം 3 മീ. വീതി |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (11/14.03.2023) സുലേഖയിൽ പ്രോജക്ട് എൻട്രി ചെയ്യുന്ന 32-ാം കോളത്തിൽ Carriage Way വീതി 3 മീറ്റർ എന്ന് രേഖപ്പെടുത്തിയ ഭാഗത്താണ് ടി നിർമ്മാണ പ്രവൃത്തികളുടെ കോൺക്രീറ്റ് ചെയ്തിരിക്കുന്നത് എന്നാണ് അറിയിച്ചിരിക്കുന്നത്. റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം (ഖ.7.13) ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. കൂടുതൽ പ്രദേശങ്ങൾക്കും, കൂടുതൽ ജനങ്ങൾക്കും പ്രയോജനം ലഭിക്കുന്ന തരത്തിൽ ബ്ലോക്ക്

പഞ്ചായത്ത് പ്രദേശത്തെ മൊത്തം കണക്ടിവിറ്റി മെച്ചപ്പെടുത്തുന്നതിനായിരിക്കണം ഗതാഗത മേഖലയിൽ ബ്ലോക്ക് പഞ്ചായത്ത് പദ്ധതികൾ ആസൂത്രണ ചെയ്യാൻ. ഡിവിഷൻ അടിസ്ഥാനത്തിൽ ഒരു പഞ്ചായത്ത് പ്രദേശത്ത് മാത്രം ഒതുങ്ങിനിൽക്കുന്നതും, അപ്രധാനവുമായ വില്ലേജ് റോഡുകളുടെ നിർമ്മാണം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്നത് അഭികാമ്യമല്ല. കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കി മുൻഗണനാ ക്രമത്തിൽ റോഡ് നിർമ്മാണ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

## 1-14 കോവിഡ് കിയോസ്ക് -നിർമ്മാണം പൂർത്തിയാക്കി ഒരു വർഷത്തിനുള്ളിൽ പൊളിച്ചുനീക്കി

പ്രോജക്ട് നം. 98/22
ബിൽ നം - 79/29.09.2021

അടങ്കൽ - 150000/-

ഫണ്ട് - മെയിന്റനൻസ് ഫണ്ട് ( നോൺ റോഡ്)

ചെലവ് - 135312/-

എം ബുക്ക് നം - 648/20-21

കരാറുകാരൻ - ഇസ്രായേൽ. വൈ.എൽ
നിർവഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

കോവിഡിന്റെ രണ്ടാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ നേമം ബ്ലോക്ക് പഞ്ചായത്തിലെ സി എച്ച് സി വിളപ്പിൽ ആശുപത്രിയിലും മലയിൻകീഴ് താലൂക്ക് ആശുപത്രിയിലും കോവിഡ് സ്രവ പരിശോധന സംവിധാനമായ ഓരോ STEPകിയോസ്ക് എൻഎച്ച് എം വഴി അനുവദിച്ചിരുന്നു. ടി കിയോസ്ക് സംവിധാനം സുരക്ഷിതമായും അണുവിമുക്തമായും ഉപയോഗിക്കുന്നതിന് ശാസ്ത്രീയമായ രീതിയിൽ ഭൗതിക സാഹചര്യമൊരുക്കേണ്ടതിനായി കോവിഡ് കിയോസ്ക് നിർമ്മാണം എന്ന പദ്ധതി (പദ്ധതി നം 98/22) നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കോവിഡ് കിയോസ്ക് (Kovid Kiosk And Weighing Lobby) സ്ഥാപിക്കാനുള്ള പ്ലാറ്റ്ഫോം 15 ച.മീ. വിസ്തൃതിയിൽ റൂഫ് ഷീറ്റ് ചെയ്ത് തറ ടൈൽ പാകി നിർമ്മിക്കാനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. 29.09.2021 ന് 135312/- രൂപയ്ക്ക് പദ്ധതി പൂർത്തിയാക്കി. എന്നാൽ മലയിൻകീഴ് താലൂക്ക് ആസ്ഥാന ആശുപത്രിയിൽ KIFB മുഖേന പുതിയ കെട്ടിടം നിർമ്മാണവുമായി ബന്ധപ്പെട്ട ഫൈനൽ ഡ്രോയിങ് ലഭിച്ചപ്പോൾ നിലവിലെ കോവിഡ് കിയോസ്കിന്റെ ഭാഗത്താണ് സംമ്പ് ടാങ്ക് വരുന്നതെന്നും ആയതിനാൽ പൊളിച്ച് മാറ്റണമെന്നും 07.07.2022ന് താലൂക്ക് ആശുപത്രി സൂപ്രണ്ട്, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരിക്കുന്നു. അതിനെ തുടർന്ന് 05.08.2022 ലെ (V)1 നമ്പർ തീരുമാനപ്രകാരം താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണത്തിന് കോവിഡ് കിയോസ്ക് തടസ്സമാകുന്നുണ്ടോ എന്ന് പരിശോധിച്ച റിപ്പോർട്ട് നൽകാൻ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു. പരിശോധനയിൽ പുതിയ കെട്ടിടത്തിന്റെ വാട്ടർ ടാങ്കുമായി ബന്ധപ്പെട്ട നിർമ്മാണം ഈ ഭാഗത്താണ് പ്രൊപ്പോസ് ചെയ്തിരിക്കുന്നതെന്നും എന്നാൽ ഈ പ്രവർത്തിയുടെ ഡിഫക്ട് ലൈബിലിറ്റി പീരിയഡ് കഴിഞ്ഞിട്ടില്ലാത്തതിനാലും പൊളിക്കുന്നതിന് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 05.08.2022ന് വിയോജനക്കുറിപ്പ് അറിയിച്ചിരിക്കുന്നു. എന്നിരുന്നാലും നിർമ്മാണ പ്രവർത്തിയുടെ പ്ലാൻ പ്രകാരം കോവിഡ് കിയോസ്ക് നിലനിൽക്കുന്നത് തടസ്സമായതിനാൽ ആയത് പൊളിക്കുന്നതിന് ജനറൽ കമ്മിറ്റി അംഗീകരിച്ച് 20.9.2022 ലെ Vii(1) പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 7/13.03.2023) എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ Sump Tank Final Drawings & Proposed Location അന്ന് നല്കിയിരുന്നില്ല എന്നും ഏറ്റവും അടിയന്തിരമായാണ് കോവിഡിന്റെ രണ്ടാം തരംഗത്തിൽ കിയോസ്ക് സ്ഥാപിച്ചതെന്നുമാണ് അറിയിച്ചിരിക്കുന്നത്. ഫണ്ടു ദുർവിനിയോഗം നടത്താതെ ദീർഘവീക്ഷണത്തോടെ പദ്ധതികൾ ആവിഷ്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ഭിന്നശേഷിയുള്ളവർക്ക് തെറാപ്പി - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം. | S0094/22 |
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷിയുള്ളവർക്ക് തെറാപ്പി |
| അടങ്കൽ തുക | 2,00,000/- രൂപ (വികസന ഫണ്ട്- ജനറൽ) |
| ചെലവായ തുക | 75,600/- രൂപ<br>ബിൽ നം. 319/07.02.2022 – 29600/-<br>412/16.03.2022 – 34000/-<br>512/30.03.2022 – 12000/- |
| നിർവഹണ ഉദ്യോഗസ്ഥൻ | സി.ഡി.പി.ഒ (അഡീഷണൽ) |

നേമം ബ്ലോക്ക് പഞ്ചായത്തിൽ 18 വയസ്സിനു താഴെ പ്രായമുള്ള ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഫിസിയോ/സ്പീച്ച് തെറാപ്പി നൽകുക എന്നതാണ് ഭിന്നശേഷിയുള്ളവർക്ക് തെറാപ്പി എന്ന പ്രോജക്ടിലൂടെ ലക്ഷ്യമിട്ടിരുന്നത്. പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിലേക്കായി ഓരോ ഫിസിയോ തെറാപ്പിസ്റ്റിനേയും സ്പീച്ച് തെറാപ്പിസ്റ്റിനേയും തെരഞ്ഞെടുക്കുന്നതിന് 15/12/2021 ന് ഇന്റർവ്യൂ നടത്തുകയും ചെയ്തു. ഫിസിയോ തെറാപ്പിക്ക് 31 കുട്ടികളും സ്പീച്ച് തെറാപ്പിക്ക് 62 കുട്ടികളും ഉൾപ്പെട്ട ഗുണഭോക്തൃ പട്ടിക 21/12/2021 തീയതിയിൽ നടന്ന ജനറൽ കമ്മിറ്റിയിലെ VII(2) -ാം നമ്പർ തീരുമാനമനുസരിച്ച് അംഗീകരിച്ചിട്ടുണ്ട്. 15/12/2021 -ൽ നടന്ന ഇന്റർവ്യൂവിൽ സ്പീച്ച് തെറാപ്പിസ്റ്റായി അമൃതാസോണി, ഫിസിയോ തെറാപ്പിസ്റ്റായി ചൈത്രാ സുധാകരൻ, ഹിമ ആർ. നായർ എന്നിവരെ സെലക്ട് ചെയ്ത നടപടി 21/12/2021 തീയതിയിൽ നടന്ന ജനറൽ കമ്മിറ്റിയിലെ VII (3) -ാം നമ്പർ തീരുമാനമനുസരിച്ച് അംഗീകരിക്കുകയുണ്ടായി.

എന്നാൽ ഭിന്നശേഷിയുള്ളവർക്ക് തെറാപ്പി പദ്ധതി പ്രകാരം ഫിസിയോ തെറാപ്പിസ്റ്റായി ചൈത്രാ സുധാകരൻ, ഹിമ ആർ. നായർ എന്നിവരെ മാത്രമാണ് സെലക്ട് ചെയ്തിരിക്കുന്നത്. സ്പീച്ച് തെറാപ്പിക്ക് 62 കുട്ടികൾ ഗുണഭോക്തൃ പട്ടികയിൽ ഉണ്ടായിട്ടും സ്പീച്ച് തെറാപ്പിസ്റ്റിനെ തെരഞ്ഞെടുക്കാത്തതിന്റെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 5 ന് സ്പീച്ച് തെറാപ്പിസ്റ്റായി തെരഞ്ഞെടുത്ത അമൃതാസോണിക്ക് വരാനുള്ള അസൗകര്യം അറിയിച്ചതിനാലാണ് സ്പീച്ച് തെറാപ്പിസ്റ്റിനെ തെരഞ്ഞടുക്കാത്തത് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

ജനറൽ കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പരിശോധിക്കുമ്പോൾ ഫിസിയോ തെറാപ്പിക്കുള്ളതിനേക്കാൾ കൂടുതൽ സ്പീച്ച് തെറാപ്പിക്കാണ് നേമം ബ്ലോക്ക് പഞ്ചായത്തിൽ ആവശ്യകത കൂടുതലായുള്ളത്. ആയതിനാൽ പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം പൂർണ്ണമായും കൈവരിച്ചിട്ടില്ല. ഭാവിയിൽ ആവശ്യകതയ്ക്കനുസൃതമായി പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 വിളപ്പിൽ സി എച്ച് സി യുടെ അനിവാര്യ ചെലവുകൾ - അപാകങ്ങൾ

പ്രോജക്ടിന്റെ പേര് -- വിളപ്പിൽ സി എച്ച് സി യുടെ അനിവാര്യ ചെലവുകൾ

പ്രോജക്ട് നം -- 45/22

അടങ്കൽ/ ചെലവ് --900000/900000 (മെയിന്റനൻസ് ഫണ്ട് - റോഡിതരം)

നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ

ടി പ്രോജക്ടിൽ തൻ വർഷത്തെ അനിവാര്യചെലവുകൾക്കാണ് തുക വകയിരിത്തിയിട്ടുള്ളത്. എന്നാൽ എച്ച് എം സി അക്കൗണ്ടിൽ നിന്ന് മുൻവർഷങ്ങളിൽ (2019, 2020) ചെലവായ തുക പ്രോജക്ട് വച്ച് റീക്കൂപ്പ് ചെയ്യുകയാണ് ഉണ്ടായത്. ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (16/15/03/2023)- ന് ലഭിച്ച മറുപടി പ്രകാരം 2019-2020 സാമ്പത്തികവർഷത്തെ പ്രോജക്ടിൽ വകയിരുത്തിയ തുക ദൈനംദിന പ്രവർത്തനങ്ങളുടെ ചെലവിനു തികയാതെ വരുകയും ബാക്കി ചെലവുകൾ എച്ച് എം സി ഫണ്ടിൽ നിന്നും ചെലവാക്കി റീക്കൂപ്പ് ചെയ്യുകയാണ് ചെയ്യുന്നത് എന്നും, തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ അതാതു വർഷങ്ങളിലെ ചെലവുകൾ തൻ വർഷത്തെ പ്രോജക്ടിൽ വകയിരുത്തി ചെലവു ചെയ്യുന്നതാണെന്നും അറിയിക്കുകയുണ്ടായി. തൻവർഷത്തെ ചെലവുകൾ തൻവർഷത്തെ പ്രോജക്ട് തുകയിൽ വകയിരുത്തുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 ക്ഷീര സമൃദ്ധി - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. 2354000/- രൂപ തടസ്സപ്പെടുത്തുന്നു

1. പ്രോജക്ടിന്റെ പേര് --ക്ഷീര സമൃദ്ധി (ജനറൽ)

പ്രോജക്ട് നം --22/22

അടങ്കൽ തുക – 800000/- (വികസന ഫണ്ട് ജനറൽ)

ചെലവ് തുക – 800000/-

ബിൽ നം--73/23.09.2021, രൂ. 107685/-
111/25.10.21, രൂ. 79333/-
117/28.10.2021, രൂ. 39333/-
159/18.11.2021, രൂ. 46613/-
160/18.11.2021, രൂ. 44883/-
164/18.11.2021, രൂ. 30683/-

173/25/112021, രൂ. 219660/-
313/05.02.2022, രൂ. 24054/-
314/05.02.2022, രൂ. 102639/-
355/21.02.2022, രൂ. 55117/-
356/21.02.2022, രൂ. 50000/-
നിർവഹണ ഉദ്യോഗസ്ഥൻ – ഡയറി എക്സ്റ്റൻഷൻ ഓഫീസർ

ടി പ്രോജക്റ്റ് പ്രകാരം ചെലവായ തുക എതൊക്കെ പഞ്ചായത്തിനു നല്കിയെന്നോ പ്രസ്തുത പഞ്ചായത്തുകൾ വിനിയോഗിച്ചതിനുള്ള സാക്ഷ്യപത്രമോ നിർവ്വഹണ ഉദ്യോഗസ്ഥൻഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവുതുകയായ 800000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

2. പ്രോജക്ടിന്റെ പേര് ---ക്ഷീര സമൃദ്ധി (ജനറൽ)

പ്രോജക്ട് നം – 102/22

അടങ്കൽ തുക – 1529000/- (സി എഫ് സി ഗ്രാന്റ്)
ചെലവ് തുക – 1529000/-

ബിൽ നം - 491/25.03.22, രൂ. 629000/-
492/25.03.22, രൂ. 22517/-
493/25.03.22, രൂ. 183966/-
495/25.03.22, രൂ. 377483/-
514/30.03.22, രൂ. 16034/-
515/30.03.22, രൂ. 248318/-
517/31.03.22, രൂ. 51682/-

ടി പ്രോജക്ട് പ്രകാരം ചെലവായ 1529000/- രൂപയിൽ വിളപ്പിൽ ഗ്രാമ പഞ്ചായത്തിന്റെ 242590/- രൂപയുടെയും വിളവൂർക്കൽ ഗ്രാമ പഞ്ചായത്തിന്റെ 100000/- രൂപയുടെയും കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 400000/- രൂപയുടെയും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി. ബാക്കി തുകയായ 786410/- രൂപ എതൊക്കെ പഞ്ചായത്തിനു നല്കിയെന്നോ പ്രസ്തുത പഞ്ചായത്തുകൾ വിനിയോഗിച്ചതിനുള്ള സാക്ഷ്യപത്രമോ നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ആയതിനാൽ 786410/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

3. പ്രോജക്ടിന്റെ പേര് ---ക്ഷീര സമൃദ്ധി (ജനറൽ)

പ്രോജക്ട് നം --149/22
അടങ്കൽ തുക – 242590/-(സി എഫ് സി ഗ്രാന്റ്)
ചെലവ് തുക – 242590/-

ബിൽ നം -- 357/21.02.2022, 242590/-

ടി പ്രോജക്ട് പ്രകാരം ചെലവായ തുക എതൊക്കെ പഞ്ചായത്തിനു നല്കിയെന്നോ പ്രസ്തുത പഞ്ചായത്തുകൾ തുക വിനിയോഗിച്ചതിനുള്ള സാക്ഷ്യപത്രമോ നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവുതുകയായ 242590/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

4. പ്രോജക്ടിന്റെ പേര് – ക്ഷീര സമൃദ്ധി (വനിത)

പ്രോജക്ട് നം --18/22

അടങ്കൽ തുക – 1600000/- (വികസന ഫണ്ട് -ജനറൽ)
ചെലവ് തുക – 1600000/-

ബിൽ നം – 72/23.09.2021, രൂ. 57858/-

110/25.10.21, രൂ. 74770/-

157/18.11.2021, രൂ. 139726/-

158/18.11.2021, രൂ. 38691/-

163/18.11.2021, രൂ. 41062/-

208/15.12.2021, രൂ. 92750/-

212/16.12.2021, രൂ. 67524/-

213/16.12.2021, രൂ. 200000/-

239/27.12.2021, രൂ. 9168/-

263/10.01.2022, രൂ. 25000/-

288/22.01.2022, രൂ. 17142/-

300/01.02.2022, രൂ. 11309/-

298/01.02.22, രൂ. 300000/-

299/01.02.22, രൂ. 525000/-

ടി പ്രോജക്ട് പ്രകാരം ചെലവായ 1600000/- രൂപയിൽ വിളപ്പിൽ ഗ്രാമ പഞ്ചായത്തിന്റെ 525000/- രൂപയുടെയും വിളവൂർക്കൽ ഗ്രാമ പഞ്ചായത്തിന്റെ 50000/- രൂപയുടെയും മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 200000/- രൂപയുടെയും മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 300000/- രൂപയുടെയും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി. ബാക്കി തുകയായ 525000/- രൂപ എതൊക്കെ പഞ്ചായത്തിനു നല്കിയെന്നോ പ്രസ്തുത പഞ്ചായത്തുകൾ വിനിയോഗിച്ചതിനുള്ള സാക്ഷ്യപത്രമോ നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ആയതിനാൽ 525000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ് (ഓഡിറ്റ് എൻക്വയറി 16/22, 15/3/2023).

## 1-18 പ്ലാസ്റ്റിക്ക് ഷ്രഡിംഗ് യൂണിറ്റ് -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ടിന്റെ പേര് – പ്ലാസ്റ്റിക്ക് ഷ്രഡിംഗ് യൂണിറ്റ്

പ്രോജക്ടിന്റെ നമ്പർ – S0116/22

അടങ്കൽ തുക – 1084500/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ് തുക - 488318/- (XVFC/2021-22/p/42 Dtd 10.03.22 Amt-423000/-, XVFC/2021-22/P/26 Dtd 23.11.21 Amt-65318/-)

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്

ബ്ലോക്ക് പഞ്ചായത്ത് 2021-22 സാമ്പത്തിക വർഷത്തിലെ പദ്ധതികളിൽ ഉൾപ്പെടുത്തി അംഗീകരിച്ച പ്ലാസ്റ്റിക്ക് ഷ്രഡിംഗ് യൂണിറ്റ് എന്ന പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി 1084500/- രൂപ വകയിരുത്തിയിരുന്നു. ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട 7 പഞ്ചായത്തുകളിലേയും പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് വേണ്ടിയാണ് പ്രസ്തുത പദ്ധതി. ടി പദ്ധതിക്കായി ബെയിലിംഗ് മെഷിൻ സ്ഥാപിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും ലഭ്യമായ ക്വട്ടേഷനുകളിൽ നിന്നും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഫ്ളോററ്റ് ടെക്നോളജീസ് എന്ന സ്ഥാപനത്തിന് ക്വട്ടേഷൻ നല്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 423,000/- രൂപയ്ക്ക് ടി സ്ഥാപനവുമായി 20.09.21 ൽ കരാറിൽ ഏർപ്പെട്ട് ബെയിലിംഗ് മെഷിൻ സ്ഥാപിച്ചിട്ടുള്ളതുമാണ്. കൂടാതെ യൂണിറ്റിന്റെ വൈദ്യുതീകരണത്തിനായി 65318/- രൂപയും മലയിൻകീഴ് KSEBയ്ക്ക് നല്കി. ഓഡിറ്റ് വേളയിലെ നേരിട്ടുള്ള പരിശോധനയിൽ പ്രസ്തുത ബെയിലിംഗ് യൂണിറ്റ് നിലവിൽ പ്രവർത്തനരഹിതമാണെന്ന് കാണാൻ കഴിഞ്ഞു. പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറി നമ്പർ 15 ന് ബെയിലിംഗ് മെഷീൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള പരിശീലനം നല്കുന്നതിന് ശുചിത്വമിഷനിൽ നിന്നും പരിശീലകർ എത്തിയതായും നാട്ടുകാരുടെ പ്രതിഷേധം കാരണം പരിശീലനം നടത്താൻ സാധിച്ചില്ലായെന്നും യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിന് 12.04.2022, 19.04.2022, 30.04.2022 എന്നീ ദിവസങ്ങളിൽ നാട്ടുകാർ, ജനപ്രതിനിധികൾ, ഹരിതകർമ്മസേനാംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി യോഗങ്ങൾ ചേർന്നതായും, എന്നാൽ യോഗങ്ങളിൽ അനുകൂല തീരുമാനം ഉണ്ടായില്ല എന്നും മറുപടി നൽകി. 20.02.23 ൽ വിഷയം ഭരണസമിതി ചർച്ച ചെയ്യുകയും തുടർന്നുള്ള പ്രവർത്തനത്തിന് മലയിൻകീഴ് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള മാലിന്യം സംസ്കരിക്കുന്നതിന് 2023 മാർച്ച് മാസം ആലോചനയോഗം കൂടുന്നതിനും തീരുമാനിച്ചതായി മറുപടിയിൽ പരാമർശിച്ചു.

2021-22 സാമ്പത്തിക വർഷത്തിൽ പദ്ധതി ആരംഭിച്ചിട്ടും നാളിതുവരെ യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തത് ഭരണസമിതിയുടെ അനാസ്ഥയായി ഓഡിറ്റ് വിലയിരുത്തുന്നു. മാലിന്യ സംസ്കരണവും

നിർമ്മാർജ്ജനവും സമയബന്ധിതമായും കാര്യക്ഷമമായും നിർവ്വഹിക്കേണ്ടത് അനിവാര്യ ചുമതല ആയതിനാലും, പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി മാലിന്യമുക്തമായ ചുറ്റുപാടുകൾ ജനജീവിതത്തിന് അത്യന്താപേക്ഷിതമായതിനാലും പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-19 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല -5658000 /- രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനും മറ്റ് നിർമ്മാണ പ്രവൃത്തികൾക്കും തുക മൻകൂറായി നൽകിയിരിക്കുന്നു. ആയതിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്ത പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെപേര്/നമ്പർ | | ചെലവഴിച്ച തുക |
|---|---|---|
| ബ്ലോക്ക് പരിധിയിലെ പഞ്ചായത്തുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (S0104/22) | ശാസ്താംകോവിൽതേരിവിള റോഡ് കുടിവെള്ളപൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 600000<br>XVFC/2021-22 P/23 Dtd 18.11.21 |
| | കാളിപ്പാറ കുറക്കാണ്ണാവൂർ റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 450000<br>XVFC/2021-22 P/21 Dtd 18.11.21 |
| | മേപ്പൂക്കട കുറ്റിക്കാട് നരസിംഹം റോഡ് പൈപ്പ്<br>ലൈൻ ദീർഘിപ്പിക്കൽ | 469000<br>XVFC/2021-22 P/38 Dtd 7.2.2022 |
| | മലയം മൊട്ടമൂട് റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 490000<br>XVFC/2021-22P/27 Dtd 12.1.22 |
| | തലയൽ ശിവക്ഷേത്രം റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 467000<br>XVFC/2021-22 P/29 Dtd 18.1.22 |
| | കൊല്ലംകോണം റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 482000<br>XVFC/2021-22P/25 Dtd 19.11.21 |
| | ഊറ്റുകുഴി കുഴിവിള റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 500000<br>XVFC/2021-22 P/24 Dtd 19.11.21 |
| | വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 500000<br>XvFC/2021-22 P/22 Dtd 18.11.21 |
| | ആകെ-3958000/- | |
| വെള്ളായണി കായൽ -ശുദ്ധജല തടാകം സംരക്ഷണം ജില്ലാപഞ്ചായത്തിന് തുക നല്കൽ<br>(S0118/22) | | 10,00,000/-<br>XVFC/2021-22 P/262 Dtd 26.3.22 |
| അംഗൻവാടി കെട്ടിട നിർമ്മാണം -ബ്ലോക്ക് ഷെയർ നല്കൽ (S0097/22) | | 600,000/-<br>Bill No.11/21-22 Dtd25.9.21, 300000/-<br>Bill No.621 21-22 Dtd.30.3.22, 300000/- |
| ഡി.പി.സി മന്ദിരം നിർമ്മാണത്തിന് തുക നല്കൽ (S0096/22) | | 100,000/-<br>Bill No.plan(G1)2/21-22 Dtd 14.7.21 |

| | |
|---|---|
| ആകെ | 6258000 /- |

മേൽ പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കാത്തത് സംബന്ധിച്ച് നല്കിയ എൻക്വയറി നമ്പർ 14 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ 6258000 /- രൂപ തടസ്സം ചെയ്യുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

എ.എഫ്.എസ്. പ്രകാരം

| തുക ലഭ്യമാക്കിയ സ്ഥാപനം | മുന്നിരിപ്പ് | ചെലവ് | തിരികെ ലഭിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2751264 | 7250000 | 0 | 4778630 |
| ജില്ലാ പഞ്ചായത്ത് | 0 | 5580800 | 0 | 3016563 |

സംയുക്ത പ്രോജക്ടുകൾക്കായി ഫണ്ട് വിനിയോഗിച്ചിട്ടില്ല എന്ന വിവരമാണ് ബ്ലോക്ക് പഞ്ചായത്ത് നല്കിയ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ വാർഷിക ധനകാര്യപത്രിക ബാലൻസ്ഷീറ്റ്-B4 Schedule പ്രകാരം നീക്കിയിരിപ്പും, റസീപ്റ്റ് & പേമെന്റ്-RP-31, പ്രകാരം വരവും അക്കൗണ്ട് ചെയ്തിട്ടുണ്ട്. മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. പ്രസ്തുത വിഷയം സംബന്ധിച്ചുള്ള വിശദാംശങ്ങൾ ആരാഞ്ഞ് നല്കിയ എൻക്വയറിക്ക് (നം.13) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 4-2 നിക്ഷേപ പ്രവൃത്തികൾ

സുലേഖ ചെലവ് പത്രിക പ്രകാരം

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | ബ്ലോക്ക് പരിധിയിലെ വിവിധ സ്ഥലങ്ങളിൽ പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 3958000 | 3958000 | 0 |
| 2 | ഭൂജല വകുപ്പ് | ബ്ലോക്ക് പരിധിയിലെ വിവിധ പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതി | 4250000 | 4250000 | 0 |

എ എഫ് എസ് പ്രകാരം

| നിർവ്വഹണ ഏജൻസി | മുന്നിരിപ്പ് | ചെലവ് | തിരികെ | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | ലഭിച്ച തുക | |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 11958955 | 4250000 | 0 | 4163891 |
| കെ.എസ്.ഇ.ബി | 4164375 | 0 | 0 | 3902013 |
| ഗ്രൗണ്ട് വാട്ടർ | 0 | 3958000 | 0 | 3913495 |

* നിക്ഷേപ പ്രവൃത്തിയ്ക്ക് നൽകിയ തുകയുടെ വിവരങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ബാലൻസ് ഷീറ്റിലെ B-18 Schedule ലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക |
|---|---|---|---|---|---|
| IAY-loan, Service Co-operative Bank, Kalliyoor | സ.ഉ(എം.എസ്) നം.90/13 /ത.സ്വ.ഭ.വ. തീ.14.03.2013 | 600000 | 3303934 | 1500000 | 855392 |

വായ്പ തിരിച്ചടവ് സംബന്ധിച്ച് ധനകാര്യ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല. അപാകത പരിഹരിയ്ക്കേണ്ടതാണ്.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 3(31) | - | 3(31) | ലേബർ കോൺട്രാക്ട്സൊസൈറ്റി ജനകീയാസൂത്രണം പദ്ധതി നടത്തിപ്പ് ഡി.പി.സി.യുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തന്നെ അഗ്രിമെന്റ് വച്ച് തുക പിൻവലിച്ച് സഹകരണ ബാങ്കിൽ നിക്ഷേപിച്ചത്- സംബന്ധിച്ച് | നിയമസഭാസമിതിയുടെ പരിഗണനയിലാണ്. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 5,257,733 |
| ഓഡിറ്റ് വർഷത്തെ വരവ് | 123115503 |
| ആകെ | 1283,73,236 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 108119581 |
| നീക്കിയിരിപ്പ് | 20253655 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13579718 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായഉദ്യോഗസ്ഥൻ |
|---|---|---|
| | ഇല്ല | |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-7 | 216250 | കെ.അജികുമാർ,സെക്രട്ടറി. |
| 1-9 | 363918 | ഡോ.ഷീജ.പി.കെ,സൂപ്രണ്ട് താലൂക്ക് ഹെഡ്ക്വാട്ടേർസ് ആശുപത്രി,മലയിൻകീഴ് |
| 1-10 | 137550 | ഡോ.ഷീജ.പി.കെ,സൂപ്രണ്ട് താലൂക്ക് ഹെഡ്ക്വാട്ടേർസ് ആശുപത്രി,മലയിൻകീഴ് |
| 1-12 | 4250,000 | ശ്രീ.ലിജു.എൽ എസ്, അസിസ്റ്റന്റ്.എക്സി.എഞ്ചിനീയർ |
| 1-17 | 2354000 | ശ്രീമതി .ശ്രീലേഖ.പി.കെ ക്ഷീര വികസന ഓഫീസർ |
| 1-19 | 6258000 | കെ.അജികുമാർ,സെക്രട്ടറി |
| ആകെ | 13579718 | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം .

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരംമേൽവിലാസം |
|---|---|---|---|
| 1 | കെ.അജികുമാർ,സെക്രട്ടറി | നേമം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | സാന്ദ്രം,വെങ്ങാനൂർ പി.ഒ |
| 2 | ഡോ.ഷീജ.പി.കെ,സൂപ്രണ്ട് താലൂക്ക് ഹെഡ്ക്വാട്ടേർസ് ആശുപത്രി,മലയിൻകീഴ് | സൂപ്രണ്ട് താലൂക്ക് ഹെഡ്ക്വാട്ടേർസ് ആശുപത്രി,മലയിൻകീഴ് | Nest, Aramada, Thrikannapuram, TVPM |
| 3 | ശ്രീ.ലിജു.എൽ എസ്., അസിസ്റ്റന്റ്.എക്സി.എഞ്ചിനീയർ | അസിസ്റ്റന്റ്.എക്സി.എഞ്ചിനീയർ,നേമം ബ്ലോക്ക് പഞ്ചായത്ത് | Adivilla, Bank Colony, Pappanamcode |
| 4 | ശ്രീമതി .ശ്രീലേഖ.പി.കെ, ക്ഷീര വികസന ഓഫീസർ | ക്ഷീര വികസന ഓഫീസർ | ശ്രീനന്ദനം, സൂര്യ നഗർ, പൗഡിക്കോണം,മണ്ണന്തല |

| | | | |
|---|---|---|---|
| | | | പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.റ്റി.വി.എം.ബി.പി./304/18, തീയതി 18.1.2018 | 1 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ബി.പി.1/2038 /22, തീയതി 19.11.22 | 2 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ബി.പി.1/ 2038 /22, തീയതി 19.11.22 | 1 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ബി.പി.1/2038 /22, തീയതി 19.11.22 | 2 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ബി.പി.1/2038 /22, തീയതി 19.11.22 | 2 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ബി.പി.1/2668/18, തീയതി 28.04.21 | 17 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ബി.പി.1/114/2020, തീയതി 08.09.21 | 24 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ബി.പി.1/976/2021, തീയതി 04.03.22 | 25 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം.ബി.പി./732/2022, തീയതി 07.06.22 | 17 |

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്